**പതിമൂന്നാം കേരള നിയമസഭ**

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2011–2014)

## ആറാമത് റിപ്പോർട്ട്

(2014 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**പമ്പയിലെയും ശബരിമലയിലെയും പാരിസ്ഥിതിക പ്രശ്നങ്ങൾ**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2011–2014)

## ആറാമത് റിപ്പോർട്ട്

(2014 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**പമ്പയിലെയും ശബരിമലയിലെയും പാരിസ്ഥിതിക പ്രശ്നങ്ങൾ**

478/2014.

## ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

പരിസ്ഥിതി സംബന്ധിച്ച സമിതി (2011-2014)

**സമിതിയുടെ ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. സി. പി. മുഹമ്മദ്.

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

,, എ. എം. ആരിഫ്

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

,, കെ. എം. ഷാജി

,, എം. വി. ശ്രേയാംസ് കുമാർ

,, പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

## മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതി (2011–2014) യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പെരിയാർ ടൈഗർ റിസർവിൽ സ്ഥിതി ചെയ്യുന്ന ഇന്ത്യയിലെ പ്രമുഖ തീർത്ഥാടന കേന്ദ്രമായ ശബരിമല ശ്രീ ധർമ്മ ശാസ്താ ക്ഷേത്രവും അതിനോടനുബന്ധിച്ച പ്രദേശങ്ങളും പമ്പാ നദിയും പലതരത്തിലുള്ള മലിന്യങ്ങളാൽ നിറയപ്പെട്ടിരിക്കുന്നു. വർഷാവർഷം ഉണ്ടായിക്കൊണ്ടിരിക്കുന്ന തീർത്ഥാടകരുടെ വൻവർദ്ധനവിനനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളും പരിസ്ഥിതി-ആവാസ വ്യവസ്ഥയെ സംരക്ഷിക്കുന്നതിനുമുള്ള നടപടികളും ഒരുക്കുന്നുണ്ടെങ്കിലും ഓരോ വർഷം കഴിയുന്തോറും പരിമിതികൾ വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നത്. ശബരിമലയും അനുബന്ധപ്രദേശങ്ങളും ഇന്ന് നേരിടുന്ന പ്രധാന പ്രശ്നമായ മാലിന്യ നിർമ്മാർജ്ജന കാര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡും വിവിധ സർക്കാർ വകുപ്പുകളും സ്വീകരിച്ചിരിക്കുന്ന നടപടികൾ നേരിട്ട് വിലയിരുത്തുന്നതിനായി സമിതി 2013 നവംബർ 25-ാം തീയതി പമ്പയും സന്നിധാനവും സന്ദർശിക്കുകയും ബന്ധപ്പെട്ടവരിൽനിന്നും തെളിവെടുപ്പു നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അടിയന്തരമായി ശ്രദ്ധപതിയേണ്ട ഏതാനും വിഷയങ്ങളെ സംബന്ധിച്ചുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2014 ജനുവരി 15-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

സി. പി. മുഹമ്മദ്,
*ചെയർമാൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ജനുവരി 15.

## റിപ്പോർട്ട്

ആഗോളതലത്തിൽ അറിയപ്പെടുന്ന തെക്കൻ തിരുവിതാംകൂറിലെ ഏറ്റവും പ്രശസ്തി ആർജ്ജിച്ച തീർത്ഥാടന കേന്ദ്രമാണ് ശബരിമല ശ്രീ ധർമ്മ ശാസ്താ ക്ഷേത്രം. ഈ കാനനക്ഷേത്രത്തിൽ ജാതിമത, വർഗ്ഗ, ദേശ, ഭാഷാ വ്യത്യാസമില്ലാതെ ലക്ഷക്കണക്കിന് തീർത്ഥാടകർ വർഷംതോറും എത്തിച്ചേരുന്നു. ഓരോ വർഷത്തിലും ഒരു നിശ്ചിത കാലയളവിനുള്ളിൽ ഇത്രയധികം ഭക്തജനങ്ങൾ തീർത്ഥാടനത്തിനായി എത്തുന്നു എന്നത് ഈ ക്ഷേത്രത്തിന്റെ മാത്രം ഒരു അപൂർവ്വതയാണ്. പ്രകൃതിരമണീയമായ 18 മലകളുടെ നടുവിലാണ് ശബരിമലക്ഷേത്രം സ്ഥിതി ചെയ്യുന്നത്. സമുദ്ര നിരപ്പിൽനിന്നും 461 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ശബരിമല, നിബിഢ വനപ്രദേശമായ പെരിയാർ വന്യമൃഗ സങ്കേതത്തിന്റെ ഭാഗവും വന്യമൃഗങ്ങളുടെ ആവാസകേന്ദ്രവുമാണ്. തീർത്ഥാടനകാലമായ മണ്ഡല-മകരവിളക്ക് കാലത്ത് സംസ്ഥാനത്ത് നിന്നും പുറത്തുനിന്നും ലക്ഷക്കണക്കിന് ഭക്തർ സന്നിധാനത്തെത്തിച്ചേരുന്നു. തീർത്ഥാടകരുടെ വർദ്ധനവിനനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. തീർത്ഥാടകരുടെ പ്രവാഹം വനമേഖലയിലെ പാരിസ്ഥിതിക വ്യവസ്ഥിതിയെ ദോഷകരമായി ബാധിക്കാതിരിക്കണമെങ്കിൽ ഭക്തജനങ്ങൾക്ക് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം ശബരിമലയിലെ ജൈവ വൈവിധ്യത്തിനും വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥയ്ക്കും മാറ്റമുണ്ടാകാതെ പരിരക്ഷിക്കേണ്ടതും അനിവാര്യമാണ്.

2. പമ്പയിലെയും ശബരിമലയിലെയും പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട അധികാരികൾ സ്വീകരിച്ച നടപടികളുടെ പുരോഗതി നേരിട്ട് വിലയിരുത്തുന്നതിനും തുടർനടപടികൾ ആവശ്യമുള്ള മേഖലകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുമായി സമിതി 25-11-2013-ന് പമ്പ ദേവസ്വം ബോർഡ് ഗസ്റ്റ് ഹൗസിൽ യോഗം ചേരുകയും റവന്യൂ, തദ്ദേശസ്വയംഭരണം, പരിസ്ഥിതി, ജലവിഭവം, ആഭ്യന്തരം, വനം-വന്യജീവി, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. പമ്പ, ശബരിമലസന്നിധാനം എന്നീ സ്ഥലങ്ങളിൽ സമിതി നടത്തിയ സന്ദർശനത്തിന്റെയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽനിന്നും വിശദമായ തെളിവെടുപ്പ് നടത്തിയതിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

3. പെരിയാർ ടൈഗർ റിസർവ്വിന്റെ കീഴിൽ ഇന്ത്യാ ഇക്കോ ഡെവലപ്മെന്റ് പ്രോജക്ട്, പമ്പാനദിയും ശബരിമലയും നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തുകയും 1999, 2000, 2006, 2012 എന്നീ വർഷങ്ങളിൽ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ശബരിമലയിലെ ജൈവ സന്തുലിതാവസ്ഥയെപ്പറ്റിയുള്ള 1999-ലെ പഠന റിപ്പോർട്ടിൽ പൂങ്കാവനത്തെ വനനശീകരണം, വിറകിനായി മരങ്ങൾ വെട്ടുന്നത്, പ്ലാസ്റ്റിക്കിന്റെ അവശിഷ്ടങ്ങൾ എന്നിവ ശബരിമലയുടെ പരിസ്ഥിതി സംരക്ഷണ പ്രക്രിയയെ എപ്രകാരമാണ് പ്രതികൂലമായി ബാധിക്കുന്നതെന്ന് നിരീക്ഷിച്ചിരുന്നു. അതോടൊപ്പം റിപ്പോർട്ടിൽ പരമ്പരാഗത പാതയിൽ വിരിവയ്ക്കുന്നതിനുള്ള സൗകര്യം കുറയ്ക്കുന്നതിനും, വിറകിനായി തടി ശേഖരിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും സംരക്ഷണ മേഖലയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിരോധിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിരുന്നു.

4. 2000-ൽ പ്രസിദ്ധീകരിച്ച പഠന റിപ്പോർട്ടിൽ ശബരിമലയിലെ ശുദ്ധജലവിതരണം ശക്തിപ്പെടുത്തുന്നതിനും, ഇടത്താവളങ്ങൾ, കടകൾ, ഇവയുടെ എണ്ണം കുറയ്ക്കുന്നതിനും മാലിന്യ സംസ്കരണത്തെക്കുറിച്ചും, ഭക്തർ വിറകിനായി തടികൾ ശേഖരിക്കുന്നതും സീസണിനുശേഷം പരമ്പരാഗത പാതയിലൂടെ വനത്തിനുള്ളിലേക്ക് പ്രവേശിക്കുന്നതും തടയുന്നതിനും, പമ്പയിൽനിന്നും സന്നിധാനത്തേക്കുള്ള ട്രാക്ടർ സർവ്വീസ് അവസാനിപ്പിക്കുന്നതിനും ശുപാർശകൾ നിർദ്ദേശിച്ചിരുന്നു.

5. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും പമ്പാനദിയിലുള്ള മാലിന്യത്തെ കുറിച്ചും 1999-ൽ നടത്തിയ പഠനം, കാനനപാതയിലുണ്ടാകുന്ന സ്വാധീനം (impact) സംബന്ധിച്ച് 2002-ൽ നടത്തിയ പഠനം എന്നിവയല്ലാതെ ശബരിമലയിലെ കാലാവസ്ഥയിലും ജീവൽസമൂഹത്തിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളെ സംബന്ധിച്ച് പഠനം ഒന്നും നടത്തിയിട്ടില്ല എന്ന ഗുരുതമായ സ്ഥിതിവിശേഷം, പമ്പയിലെയും ശബരിമലയിലെയും കാലാവസ്ഥയിലും ജീവൽസമൂഹത്തിലും കഴിഞ്ഞ കുറെവർഷം കൊണ്ടുണ്ടായ മാറ്റം സംബന്ധിച്ച് ആധികാരികമായൊരു പഠനം നടത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു.

6. 2006-ലെ പഠന റിപ്പോർട്ടിൽ തീർത്ഥാടകരെ നിയന്ത്രണമില്ലാതെ കടത്തിവിടുന്നത് ശബരിമലയിലെ ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നതായും, തീർത്ഥാടനകാലത്ത് പരിസ്ഥിതിയെ നശിപ്പിക്കുന്ന വിധത്തിലുള്ള നടപടികൾ ഒഴിവാക്കുന്നതിനായി വനം-വന്യജീവി വകുപ്പും ഇക്കോ ഡെവലപ്മെന്റ് സമിതികളുമായി ചേർന്ന് പ്രവർത്തിക്കേണ്ടതുണ്ടെന്നും മുന്നറിയിപ്പ് നൽകിയിരുന്നു.

7. ശബരിമല നേരിടുന്ന പ്രധാന വെല്ലുവിളികൾ പ്ലാസ്റ്റിക് നിർമ്മാർജ്ജനം, അശാസ്ത്രീയമായും ആസൂത്രണരഹിതമായും നിർമ്മിച്ച കെട്ടിടങ്ങൾ, അനുദിനം മലിനപ്പെട്ടുകൊണ്ടിരിക്കുന്ന പമ്പാനദി എന്നിവയാണെന്ന് 2012-ലെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അതുപോലെ കച്ചവടക്കാർ താൽക്കാലിക ഷെഡ്ഡുകൾ കെട്ടുന്നതിനായി വനത്തിൽനിന്നും തടി ശേഖരിക്കുന്നതും, തീർത്ഥാടനകാലത്തിനുശേഷം മാലിന്യങ്ങൾ നശിപ്പിക്കാത്തതും ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളാണെന്നും, കടകൾ നടത്തുന്നവരുടെ ലക്ഷ്യം ലാഭം മാത്രമാണെന്നും തത്വദീക്ഷയില്ലാതെ വനത്തെ ചൂഷണം ചെയ്യുന്നതാണ് ശബരിമലയിൽ കാണുന്നതെന്നും പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. കൂടാതെ തീർത്ഥാടകർക്ക് ഏർപ്പെടുത്തിയ സേവനങ്ങൾ വനത്തെയും വന്യജീവികളെയും ദോഷകരമായി ബാധിക്കുന്നതായും തീർത്ഥാടകർക്ക് അന്നദാനം നൽകിയശേഷം ബാക്കിവരുന്ന ഭക്ഷണം യഥാസമയം സംസ്കരിക്കാത്തത് ആന മുതലായ വന്യജീവികളെ ആകർഷിക്കുന്നതിനും തീർത്ഥാടനത്തിന് തടസ്സം വരുത്തുന്നതിനും ഇടയാക്കുന്നതായും റിപ്പോർട്ട് ചെയ്തിരുന്നു.

8. കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി വിവിധ കാലയളവുകളിൽ ശബരിമലയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് നിയമസഭയിൽ അഞ്ച് റിപ്പോർട്ടുകൾ ഇതിനുമുമ്പ് സമർപ്പിച്ചിരുന്നു. എന്നാൽ സമിതിയുടെ മുൻ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടില്ല. സമിതി (2009-11)-യുടെ എട്ടാമത് റിപ്പോർട്ടിലെ പത്തൊമ്പതാമത്തെ ശുപാർശയായി ശുദ്ധജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടു

വെങ്കിലും ആയത് ഇതുവരെ നടപ്പിലാക്കിയിട്ടില്ലായെന്ന് സമിതി കണ്ടെത്തി. കൂടാതെ 20-ാമത്തെ ശുപാർശയായി വൻവൃക്ഷങ്ങളിൽ ആണി അടിക്കുന്നത് തടയുന്നത് സംബന്ധിച്ചും 10-ാമത്തെ ശുപാർശയായി പമ്പാനദിയിൽ വസ്ത്രം ഉപേക്ഷിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നത് സംബന്ധിച്ചും ഉള്ള ശുപാർശകളിന്മേൽ കാര്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി സമിതിക്ക് കാണാൻ കഴിഞ്ഞില്ല.

9. കേരള പോലീസിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പുണ്യം-പൂങ്കാവനം പദ്ധതിയെപ്പറ്റിയും സമിതി വിശകലനം നടത്തുകയുണ്ടായി. 2011-ൽ ആരംഭിച്ച പുണ്യം-പൂങ്കാവനം പദ്ധതി പൂർണ്ണമായും ലക്ഷ്യത്തിലെത്തിയിട്ടില്ല. ഈ പദ്ധതിയുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ട് പ്രകാരം തീർത്ഥാടനസമയത്ത് ശബരിമലപ്രദേശത്ത് ഏകദേശം 500 ടൺ മാലിന്യം ഉണ്ടാകുന്നുണ്ട്. എന്നാൽ അത്രയും മാലിന്യം താങ്ങുന്നതിനുള്ള ശേഷി അവിടെയില്ല. ഇപ്പോൾ ചെയ്യുന്നതുപോലെ ഇൻസിനറേറ്റർ വനത്തിനകത്തു വച്ച് കത്തിക്കുന്നത് വലിയ പാരിസ്ഥിതിക അപകടങ്ങൾ ഉളവാക്കും. സന്നിധാനത്തെത്തുന്ന പ്ലാസ്റ്റിക് ഉല്പന്നങ്ങൾ തിരികെ കൊണ്ടുപോകുന്നതിനുള്ള പ്രേരണ നൽകണം, വെയ്സ്റ്റ് വലിച്ചെറിയുന്നത് കർശനമായി നിരോധിക്കണം, പമ്പയിൽ കുളിക്കുന്നതിന് സോപ്പ് ഉപയോഗിക്കുന്നത് ഒരിക്കലും അനുവദിക്കരുത്, തീർത്ഥാടകർക്ക് നല്ല കുടിവെള്ളം നൽകണം, നിലയ്ക്കലിൽ വച്ച് തീർത്ഥാടകരുടെ കൈവശമുള്ള പ്ലാസ്റ്റിക് ബോട്ടിലുകൾ നിർബന്ധപൂർവ്വം ശേഖരിക്കണം തുടങ്ങിയ നിരവധി ക്രിയാത്മക നിർദ്ദേശങ്ങൾ പുണ്യം-പൂങ്കാവനം പദ്ധതി  വിഭാവനം ചെയ്തിരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി വിവിധ വകുപ്പുകളെ ഉൾപ്പെടുത്തിയുള്ള പ്രോജക്ടാണ് ഉണ്ടാക്കിയിട്ടുള്ളത്. പക്ഷെ നിർഭാഗ്യമെന്നുതന്നെ പറയട്ടെ ഈ പദ്ധതിയുടെ 10% നടപടികൾ മാത്രമേ ഇതിനകം നടപ്പാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. പ്രത്യേക ഫണ്ട് ഇല്ലാത്ത ഈ പദ്ധതി നടത്തിപ്പ് വിഭാവനം ചെയ്തിരുന്നത് ഉദ്യോഗസ്ഥരുടെ ആത്മാർത്ഥമായ ഇടപെടലും സന്നദ്ധ സംഘടനകളുടെയും വ്യക്തികളുടെയും സ്വമേധയായുള്ള സേവനവും പ്രയോജനപ്പെടുത്തിയാണ്. അതുകൊണ്ടാണോ പദ്ധതിക്ക് വേണ്ടത്ര സ്വീകാര്യത ലഭിക്കാതെ പോയത് എന്നത് പ്രത്യേകം പരിശോധനാവിധേയമാക്കണമെന്ന് സമിതി വിലയിരുത്തുന്നു.

10. ചുരുക്കിപ്പറഞ്ഞാൽ കഴിഞ്ഞ കുറേകാലങ്ങളായി ശബരിമലയ്ക്കും അനുബന്ധ പ്രദേശങ്ങൾക്കുമായി രൂപംകൊണ്ട വ്യത്യസ്തങ്ങളും പരസ്പരവിരുദ്ധങ്ങളുമായ പദ്ധതികൾ, കോടതിവിധികൾ, പഠന റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ തുടങ്ങിവയ്ക്കപ്പെട്ട പല വികസന പരിപാടികളും ഇടയ്ക്ക് നിർത്തിവയ്ക്കുകയോ ഉപേക്ഷിക്കുകയോ ചെയ്തതുമൂലം പൂർണ്ണതയിൽ എത്തിയിട്ടില്ല. വർഷാവർഷം വർദ്ധിച്ചുവരുന്ന തീർത്ഥാടകരുടെ എണ്ണത്തിനനുസരിച്ചുള്ള വികസനം നടപ്പാകാത്തതുകൊണ്ടും നടപ്പാക്കിയ പദ്ധതികൾ പൂർണ്ണത കൈവരിക്കാത്തതുകൊണ്ടും ഉളവായിട്ടുള്ള തീർത്തും സങ്കീർണ്ണമായ ഒരു വികസന ചിത്രമാണ് ദൗർഭാഗ്യവശാൽ സമിതിയുടെ സന്ദർശനവേളയിൽ പമ്പയിലും സന്നിധാനത്തുമായി സമിതിക്ക് കാണാൻ കഴിഞ്ഞത്.

11. തീർത്ഥാടന സമയത്ത് പമ്പാനദി സ്വയം ശുദ്ധീകരിക്കാൻ കഴിയാത്ത വിധത്തിൽ മാലിന്യങ്ങളാൽ നിറയപ്പെടുന്നു. ഇതിനുള്ള കാരണങ്ങൾ പലതാണ്. പമ്പാനദിയുടെ തീരങ്ങളിലുള്ള സ്ഥാപനങ്ങളിലേറെയും യാതൊരു മാലിന്യ സംസ്കരണ നടപടികളും സ്വീകരിക്കാതെയാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ എല്ലാ വിധത്തിലുള്ള

മാലിന്യങ്ങളും പമ്പാനദിയിൽ എത്തിച്ചേരുന്നു. ഇത് ഒഴിവാക്കുന്നതിനായി മാലിന്യസംസ്കരണത്തിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തനാനുമതി നൽകാവൂ എന്നും ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്നും മാലിന്യങ്ങൾ പമ്പാനദിയിൽ എത്തുന്നില്ലായെന്നും ഉറപ്പുവരുത്തുന്നതിന് പരിശോധന നടത്തണമെന്നും ശബരിമലയും പരിസര പ്രദേശങ്ങളും മാലിന്യമുക്തമായി സംരക്ഷിക്കേണ്ടത് പുണ്യകർമ്മമാണെന്ന് ഭക്തജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

12. തീർത്ഥാടന സമയത്ത് കൊണ്ടുവരുന്നതെല്ലാം ശബരിമലയിൽ ഉപേക്ഷിക്കണമെന്ന തെറ്റായ ഒരു ധാരണ തമിഴ്നാട്, കർണ്ണാടകം, ആന്ധ്രാ പ്രദേശ് എന്നീ സംസ്ഥാനങ്ങളിൽനിന്ന് എത്തുന്ന തീർത്ഥാടകർക്കിടയിൽ ഉടലെടുക്കുകയും ഇപ്പോൾ അതൊരാചാരമായി മാറുകയും ചെയ്തിരിക്കുന്നു. ആയതിനാൽ ഈ തീർത്ഥാടകർ കൊണ്ടുവരുന്നതെല്ലാം ശബരിമലയിൽ ഉപേക്ഷിക്കുകയും പമ്പയാറ്റിൽ തങ്ങളുടെ വസ്ത്രങ്ങൾ ഒഴുക്കുകയും ചെയ്യുന്നു. നദിയിൽ അടിയുന്ന ഈ വസ്ത്രങ്ങൾ നദിയുടെ ഒഴുക്കിനെ സാരമായി ബാധിക്കുകയും പലവിധത്തിലുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഇവ നീക്കം ചെയ്യുന്ന ജോലി ഏറ്റെടുത്തിട്ടുള്ളവർ ഉപയോഗിക്കാൻ കഴിയുന്ന വസ്ത്രങ്ങൾ മാത്രമാണ് ശേഖരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. നദിയിൽനിന്ന് ഉപയോഗശൂന്യമായ വസ്ത്രങ്ങൾ ഇവർ നീക്കം ചെയ്യാത്തതിനാൽ വലിയൊരു പങ്ക് നദിയിൽ അടിഞ്ഞ് മണ്ണുമായി ചേർന്ന് പുഴയിൽനിന്ന് മാറ്റിയാൽപ്പോലും സംസ്ക്കരിക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. ബാക്കിയുള്ളവ ഒഴുക്കിൽപ്പെട്ട് പലയിടത്ത് ചെന്നടിയുന്നു. ആയതിനാൽ പമ്പാനദിയിൽ വസ്ത്രങ്ങൾ ഉപേക്ഷിക്കുന്നത് കർശനമായി തടയണമെന്നും ഇത് ശബരിമലയുമായി ബന്ധപ്പെട്ട ആചാരമല്ല എന്ന് അന്യസംസ്ഥാന തീർത്ഥാടകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി പ്രസ്തുത സംസ്ഥാനങ്ങളിലെ പത്ര-ടെലിവിഷൻ മാധ്യമങ്ങളിലൂടെ വൻപ്രചരണം നടത്തുന്നതിന് ദേവസ്വം ബോർഡും സർക്കാരും നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

13. പമ്പാനദിയിലെ ജലത്തിലടങ്ങിയ കോളിഫോം ബാക്ടീരിയയുടെ അളവ് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വ്യക്തമായ ധാരണ ഇല്ലെന്നും നിലവിൽ 1000 മുതൽ 1500 വരെ കോളിഫോം ബാക്ടീരിയ ഉണ്ടെന്നും ഇവയുടെ അളവ് രണ്ട് ലക്ഷത്തിനുമുകളിൽ പോകുന്ന സന്ദർഭങ്ങളും ഉണ്ടാകാറുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പമ്പാനദിയിൽ ഉപേക്ഷിക്കുന്ന മാലിന്യങ്ങൾ ഫ്ളഷ് സംവിധാനത്തിലൂടെ താഴ്ഭാഗങ്ങളിൽ എത്തിച്ചേരുകയും ആലപ്പുഴ ജില്ലയെവരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ഇതുമൂലം കുട്ടനാടൻ മേഖലയിൽ മത്സ്യങ്ങളും സസ്യങ്ങളും മറ്റു ജീവജാലങ്ങളും നശിക്കുന്നു. പമ്പയിലെ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിന്റെ ഭാഗമായി തീർത്ഥാടനകാലത്ത് പമ്പയിലെ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായ പഠനം നടത്തണമെന്നും പമ്പാനദി ശുദ്ധീകരിക്കുന്നതിനായി നടപ്പിലാക്കിയ ഫ്ളഷ് സംവിധാനം പരിഷ്കരിക്കണമെന്നും ശുദ്ധീകരിച്ച ജലമേ പമ്പയിലൂടെ ഒഴുക്കിവിടാവൂ എന്നും പമ്പാനദി ശുചീകരിക്കുന്നതിനായി കേന്ദ്ര സഹായത്തോടുകൂടി ഒരു ബൃഹത്പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

14. പമ്പയിലും ശബരിമലയിലും നിലവിലുള്ള ലാട്രിൻ സൗകര്യം തീരെ അപര്യാപ്തമാണ്. ഇവിടെ എത്തുന്ന ഭക്തരിൽ 30% പേർക്കുള്ള സൗകര്യമേ നിലവിലുള്ളൂ. എന്നാൽ ഇവയുടെ ശോച്യാവസ്ഥകാരണം ഇവ പോലും ഉപയോഗശൂന്യ മാണ്. ആവശ്യാനുസൃതം വൃത്തിയുള്ള ടോയ്‌ലെറ്റുകൾ, വാതിലുകൾക്ക് കൊളുത്ത്, വെള്ളം, ബക്കറ്റ്, മഗ്ഗ് എന്നിവ സഹിതം പമ്പയിലും ശബരിമലയിലും പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ കാര്യക്ഷമമായ മാലിന്യ സംസ്കരണ സംവിധാനങ്ങളോടെ സ്ഥാപിക്കുന്നതിന് ദേവസ്വം ബോർഡും തദ്ദേശസ്വയംഭരണ വകുപ്പും സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ പമ്പ മുതൽ സന്നിധാനം വരെയുള്ള വഴിയിൽ സ്ത്രീകൾക്ക് പ്രത്യേകമായ ടോയ്‌ലെറ്റ് സൗകര്യവും സന്നിധാന ത്തേക്ക് യാത്ര ചെയ്യുന്ന തീർത്ഥാടകർക്ക് വിശ്രമിക്കുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

15. പമ്പയിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനായി ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നതായി സമിതിക്ക് കാണാൻ സാധിച്ചു. ദേവസ്വം ബോർഡ് ഗസ്റ്റ് ഹൗസിനോട് ചേർന്ന് പ്ലാസ്റ്റിക് ശേഖരിച്ച് വാഹനങ്ങളിൽ കയറ്റുന്നത് സമിതി നേരിൽ കണ്ടു. എന്നാൽ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ശേഖരിക്കുന്നതിന് ടെണ്ടർ കൊടുക്കുന്നത് ഒരു വരുമാനമാർഗ്ഗമായതിനാൽ പ്ലാസ്റ്റിക് തടയുന്നതിനുപകരം പ്രോത്സാഹിപ്പിക്കുന്ന പ്രവൃത്തികൾ അനുചിതമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ശബരിമലയിൽ നിരോധിക്കുകയും പ്ലാസ്റ്റിക്കും ഇതുമായി ബന്ധപ്പെട്ട മറ്റ് ഉൽപ്പന്നങ്ങളും വലിച്ചെറിയുന്നത് തടയുകയും ഇവിടെ കൊണ്ടുവരുന്നവ തിരിച്ചു കൊണ്ടുപോകുന്നതിനുള്ള പ്രേരണ തീർത്ഥാടകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കു കയും വേണമെന്നും ശബരിമലയിലും പരിസരപ്രദേശങ്ങളിലും പ്രവർത്തിക്കുന്ന കടകൾ പ്ലാസ്റ്റിക് കവറുകൾ നിർബന്ധമായി ഉപേക്ഷിക്കണമെന്നും ഇത് പ്രചരിപ്പിച്ചുകൊണ്ടുള്ള വീഡിയോ ക്ലിപ്പിംഗ്സ് ശബരിമലയിലെ എല്ലാ ഹാൾട്ടിംഗ് പോയിന്റുകളിലും തുടർച്ച യായി പ്രദർശിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

16. സ്വാമി അയ്യപ്പൻ റോഡിന്റെ ഇരുവശത്തും ഒഴിഞ്ഞ പ്ലാസ്റ്റിക് ബോട്ടിലുകൾ, കവറുകൾ എന്നിവ ധാരാളമായി കാണപ്പെട്ടു. ശുദ്ധജലം കൊണ്ടുവരുന്നതിനായി ഉപയോഗിച്ച പ്ലാസ്റ്റിക് കുപ്പികളായിരുന്നു അവയിൽ ഭൂരിഭാഗവും. ഇവ മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇവ ഇവിടെ നിക്ഷേപിക്കുന്നത് തടയണമെന്നും ഈ നിർദ്ദേശം നൽകുന്ന ബോർഡുകൾ സ്ഥാപിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

17. പമ്പയിലും സന്നിധാനത്തേക്കുമുള്ള പാതയുടെ വശങ്ങളിലും സന്നിധാനത്തുമായി വിവേചനരഹിതമായി പ്രവർത്തനാനുമതി നൽകിയിട്ടുള്ള പെപ്സി, കൊക്കൊക്കോള തുടങ്ങിയ വൻകിട കമ്പനികളുടെ പ്രദർശന വിൽപ്പനശാലകൾവഴി പ്ലാസ്റ്റിക് കുപ്പികളിൽ നിറച്ച ശീതളപാനീയങ്ങൾ വൻതോതിൽ വിറ്റഴിക്കുന്നതായി സമിതിക്കു കാണാൻ കഴിഞ്ഞു. ഇത്തരം ബഹുരാഷ്ട്ര കമ്പനികളുടെ ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ തീർത്ഥാടകരെ വല്ലാതെ ആകർഷിക്കുന്നതായും അവിടെനിന്നും വിറ്റഴിയുന്ന പാനീയങ്ങളുടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിയന്ത്രണരഹിതമായ തരത്തിൽ ഉപേക്ഷിക്കപ്പെ ടുന്നതുമൂലം പ്രസ്തുത പ്രദേശങ്ങളിലെ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് ക്രമാതീതമായി വർദ്ധിച്ചുവരുന്നു. അത്തരമൊരു സാഹചര്യം ഒഴിവാക്കുന്നതിലേക്കായി ശബരിമലയിലും പരിസരപ്രദേശങ്ങളിലും പെപ്സി, കൊക്കൊക്കോള തുടങ്ങിയ വൻകിട കമ്പനികളുടെ

ശീതളപാനീയങ്ങൾ വിറ്റഴിക്കുന്നതിനായി മാത്രം തുടങ്ങിയിട്ടുള്ള പ്രദർശന വില്പനശാല കൾക്ക് വരുംവർഷങ്ങളിൽ അനുമതി നൽകുന്ന കാര്യം പുനർവിചിന്തനം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

18. ശുദ്ധജല സ്രോതസ്സുകളിൽനിന്ന് കുഴലുകളും ടാപ്പുകളുംവഴി പമ്പയിലും സന്നിധാനത്തും ശുദ്ധമായ കുടിവെള്ളം ഭക്തർക്ക് ആവശ്യാനുസരണം ലഭിക്കുന്നതിന് അടിയന്തര നടപടി ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇതിലൂടെ മാത്രമേ ശബരിമലയിലെ പ്ലാസ്റ്റിക് മാലിന്യങ്ങളിൽ ഏറ്റവും കൂടുതലായി കണ്ടുവരുന്ന പ്ലാസ്റ്റിക് കുപ്പികളുടെ എണ്ണം കുറയ്ക്കുവാൻ സാധിക്കൂ. സന്നിധാനത്തെ ശുദ്ധജലവിതരണം അട്ടിമറിക്കാൻ ശ്രമിക്കുന്ന തത്പരകക്ഷികൾക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾ കർശനമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

19. ആവശ്യത്തിന് ലാട്രിനുകളുടെ അഭാവവും ഉള്ളവ വൃത്തിയായി സൂക്ഷിക്കാ ത്തതും കാരണം പമ്പ മുതൽ സന്നിധാനംവരെ അസഹ്യമായ ദുർഗന്ധം നിലനിൽക്കുന്നതായി സമിതിക്ക് അനുഭവപ്പെട്ടു. താത്കാലിക യൂറിനലിൽ നിന്നുള്ള മാലിന്യം, സാനിട്ടേഷന് ഉപയോഗിക്കുന്ന ക്ലോറിൻ പോലെയുള്ള വസ്തുക്കളുമായി ചേർന്ന് അസഹ്യമായ രൂക്ഷഗന്ധം പമ്പ മുതൽ മരക്കൂട്ടംവരെ നിലനിൽക്കുന്നതായി സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഇത്തരം രാസവസ്തുക്കൾ മഴ പെയ്യുമ്പോൾ സമീപത്തെ വനത്തിലേക്ക് ഒഴുകിയിറങ്ങുന്നത് മണ്ണിന്റെ ഘടനയെ മാറ്റുമെന്നും, ഇത് മണ്ണിൽ അമ്ലസ്വഭാവം വർദ്ധിപ്പിക്കുന്നതിലൂടെ സ്വാഭാവിക വനത്തിന്റെ നാശത്തിന് ഇടയാക്കുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രകൃതിക്ക് ദോഷകരമായ രാസവസ്തുക്കളുടെ ഉപയോഗം പമ്പ, സന്നിധാനം പ്രദേശത്ത് നിരോധിക്കണമെന്നും പകരം പ്രകൃതി സൗഹാർദ്ദ വസ്തുക്കൾ ഉപയോഗിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

20. ഭക്തർ പൂജാദ്രവ്യങ്ങൾ ശബരിമലയിൽ കൊണ്ടുവരുന്നത് പ്ലാസ്റ്റിക് കവറു കളിലാണ്. ഇവയും സന്നിധാനത്ത് ഉപേക്ഷിക്കുന്നു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കേണ്ടത് ഭൂമിയുടെ നിലനിൽപ്പിനുതന്നെ അത്യന്താപേക്ഷിതമായതിനാൽ പൂജാദ്രവ്യങ്ങൾ ദോഷമില്ലാത്ത മറ്റു വസ്തുക്കളാൽ നിർമ്മിതമായ കവറുകളിൽ വിൽക്കുന്ന ശീലം വളർത്തിയെടുക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ദേവസ്വം ബോർഡും ഭക്തരും വ്യാപാരികളും പ്രത്യേകം ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

21. ദേവസ്വം ബോർഡ് ശർക്കരയും മറ്റു ഭക്ഷ്യപദാർത്ഥങ്ങളും സന്നിധാനത്ത് കൊണ്ടുവരുന്നതിന് പ്ലാസ്റ്റിക് ചാക്കുകളും പ്രസാദം നൽകുന്നതിന് പ്ലാസ്റ്റിക് കവറുകളും ഉപയോഗിക്കുന്നുവെന്നും ഇവ വനപ്രദേശത്തുനിന്ന് മാറ്റുവാൻ നടപടി സ്വീകരിക്കുന്നില്ലാ യെന്നും ഇവ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്നും വന്യമൃഗങ്ങൾ ഇവ ഭക്ഷിച്ച് ചത്തുപോകുന്നുവെന്നും സമിതിക്ക് അറിയുവാൻ സാധിച്ചു. പമ്പയിലും ശബരിമലയിലും ദേവസ്വം ബോർഡ് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നത് പൂർണ്ണമായും ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. മാലിന്യനിർമ്മാർജ്ജനത്തിനായി ദേവസ്വം ബോർഡ് പമ്പയിലും സന്നിധാനത്തും മൂന്നു വീതവും നിലയ്ക്കലിൽ രണ്ടും ഇൻസിനറേറ്ററുകൾ എല്ലാ സമയത്തും പ്രവർത്തിപ്പിക്കുന്നുണ്ടെന്നും എന്നാൽ ഇവ അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. തന്നെയുമല്ല സന്നിധാനത്തെ മുഴുവൻ മാലിന്യവും തരംതിരിക്കാതെ ഇൻസിനറേറ്റർ ഉപയോഗിച്ച് കത്തിച്ചുകളയുന്നത് വനത്തിനുള്ളിൽ കടുത്ത പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ സന്നിധാനത്തെ ഇൻസിനറേറ്ററിലൂടെ കത്തിച്ചുകളയുന്ന നടപടി ഉടൻ അവസാനിപ്പിക്കണമെന്നും അവ തരംതിരിച്ച് പ്രത്യേകമായി വനാതിർത്തിക്ക് പുറത്ത് സംസ്കരിക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ സന്നിധാനത്ത് ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നത് പ്രാകൃതമായ രീതിയിലായതിനാൽ സന്നിധാനത്തെ മാലിന്യനിർമ്മാർജ്ജനത്തിനായി പരിസ്ഥിതി സൗഹാർദ്ദമായ ശാസ്ത്രീയ മാർഗ്ഗങ്ങൾ അടിയന്തരമായി ദേവസ്വം ബോർഡ് സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

23. ശബരിമലയിൽ ഇൻസിനറേറ്റർ സ്ഥാപിച്ചിരിക്കുന്നതിന്റെ സമീപത്തുള്ള പോലീസ് ക്വാർട്ടേഴ്സിനടുത്തുള്ള സെപ്ടിക് ടാങ്ക് പൊട്ടി ഒഴുകുന്നത് സമിതി നേരിൽ കണ്ടു. ഈ പ്രശ്നം പരിഹരിക്കാതിരിക്കുന്നത് ശബരിമലയിൽ ഡ്യൂട്ടിക്കെത്തുന്ന പോലീസുകാരോട് കാണിക്കുന്ന ക്രൂരതയാണെന്ന് സമിതി കരുതുന്നു. സെപ്റ്റിക് ടാങ്ക് നന്നാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും പമ്പയിലെയും ശബരിമലയിലെയും ടോയ്‍ലെറ്റ് മാലിന്യങ്ങൾ യഥാവിധം സംസ്കരിക്കുന്നതിന് ദേവസ്വം ബോർഡ് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

24. സന്നിധാനത്ത് സീസണിനുശേഷവും മാലിന്യനിർമ്മാർജ്ജനം ശരിയായ വിധത്തിലല്ല നടക്കുന്നതെന്ന് സമിതിക്ക് ബോധ്യമായി. സന്നിധാനത്തിലെ ദേവസ്വം ബോർഡിന്റെ ആസ്ഥാനത്തുനിന്നും അരവണ, അരി മുതലായവ പാകം ചെയ്യുന്ന ഭാഗത്തുനിന്നും വരുന്ന ജലം യാതൊരുവിധ ശുദ്ധീകരണത്തിനും വിധേയമാക്കാതെ നേരെ ഞുണങ്ങാറിലേക്ക് ഒഴുക്കിവിടുന്നു. സീസണിനുശേഷവും മലിനജലം ഒഴുകുന്ന അവസ്ഥയാണ്. പ്ലാസ്റ്റിക് കുപ്പികൾ, കവറുകൾ, ഭക്ഷണാവശിഷ്ടങ്ങൾ, അരി, ശർക്കര എന്നിവ വൻതോതിൽ ഞുണങ്ങാറിൽ കെട്ടിക്കിടക്കുന്നു. സന്നിധാനത്ത് പോലീസുകാർക്കായി നിർമ്മിച്ച ബ്ലോക്കിന്റെ പുറകുവശത്തുള്ള സെപ്ടിക് ടാങ്കിൽനിന്നും മാലിന്യം പുറത്തേക്ക് പമ്പ് ചെയ്യാനായി ഓയിൽ എഞ്ചിൻ സ്ഥാപിച്ച് ഇതിലൂടെ ടാങ്കിലെ മാലിന്യം ഞുണങ്ങാറിലേക്ക് പമ്പ് ചെയ്യുന്നു. ഇവിടെനിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്തിട്ടില്ല. ഭസ്മക്കുളത്തിനോട് ചേർന്ന് ഒഴുകിവരുന്ന ചെറിയ അരുവിയിൽ മാലിന്യം നിറഞ്ഞിരിക്കുന്നു. ഇവ നേരെ പമ്പാനദിയിൽ എത്തുകയും ചെയ്യുന്നു. ആയതിനാൽ സന്നിധാനത്തെ മാലിന്യസംസ്കരണത്തിന് പരിസ്ഥിതി സൗഹാർദ്ദവും കാര്യക്ഷമവുമായ നടപടികൾ ദേവസ്വം ബോർഡ് അടിയന്തരമായി സ്വീകരിക്കണമെന്നും ഞുണങ്ങാറിലും ഭസ്മക്കുളത്തിനോടുചേർന്ന് ഒഴുകുന്ന അരുവിയിലും കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും തുടർന്നുള്ള നിക്ഷേപം തടയുന്നതിനും ദേവസ്വം ബോർഡും തദ്ദേശസ്വയംഭരണ വകുപ്പും അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

25. ശബരിമലയിൽ വിവിധ തൊഴിലുകളിൽ ഏർപ്പെടുന്ന ജീവനക്കാർക്ക് മെച്ചപ്പെട്ട താമസസൗകര്യങ്ങളും ജോലി ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങളും നൽകണമെന്നും ഇവർ പ്രസ്തുത സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കണമെന്നും കൂടാതെ ഇവർക്ക് ഹെൽത്ത് കാർഡ് പോലെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

26. പത്തനംതിട്ടയിൽ നിന്നും പമ്പയിലേക്കുള്ള റോഡിനിരുവശത്തും ഭക്തർ വാഹനം നിർത്തി ഭക്ഷണം കഴിക്കുന്നതും അവശിഷ്ടങ്ങൾ അവിടെത്തന്നെ കളയുന്നതും സമിതി നേരിൽ കാണുകയുണ്ടായി. ഇപ്രകാരം ചെയ്യുന്നതിലൂടെ പ്ലാസ്റ്റിക് മാലിന്യം സമീപപ്രദേശങ്ങളിലേക്ക് എത്തുന്നതിനിടയാക്കുമെന്നും ആയതിനാൽ ഭക്ഷണാവശിഷ്ടങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും നിക്ഷേപിക്കുന്നതിന് പ്രത്യേകം ലേബലൊട്ടിച്ച സംഭരണികളും ഇവ ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുന്ന ബോർഡുകളും സ്ഥാപിക്കണമെന്നും മാലിന്യങ്ങൾ അതാതു ദിവസംതന്നെ നീക്കം ചെയ്ത് സംസ്ക്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

27. പമ്പയും സന്നിധാനവും മാലിന്യമുക്തമായി പരിരക്ഷിക്കുവാൻ സന്നദ്ധ സംഘടനകളുടെയും ഭക്തജനങ്ങളുടെയും ക്രിയാത്മകമായ ഇടപെടൽ അനിവാര്യമാണെന്ന് സമിതി കരുതുന്നു. പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ഭക്തർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും പ്രസ്തുത പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനും ജനങ്ങളെ ബോധവത്കരിക്കുന്നതിനുമായി 'ഗ്രീൻ വോളന്റിയേഴ്സിന്' രൂപം നൽകാവുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. സ്കൂൾ, കോളേജ് എന്നിവിടങ്ങളിലെ എൻ.എസ്.എസ്. വോളണ്ടിയർമാർ, എൻ.സി.സി. കേഡറ്റുകൾ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകി ഗ്രീൻ വോളന്റിയേഴ്സായി നിയമിക്കാവുന്നതാണ്. പമ്പാനദിയിൽ വസ്ത്രം ഉപേക്ഷിക്കുന്നത് തടയുക, പമ്പാനദി മുതൽ സന്നിധാനംവരെ ഭക്തർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുക, പ്ലാസ്റ്റിക് പോലെയുള്ള മാലിന്യങ്ങൾ അതാതിടങ്ങളിൽ ശേഖരിക്കുന്നതിന് നേതൃത്വം നൽകുക തുടങ്ങിയ കാര്യങ്ങൾക്കായി ഗ്രീൻ വോളന്റിയേഴ്സിന്റെ സേവനം വിനിയോഗിക്കാവുന്നതാണ് എന്നും സമിതി നിർദ്ദേശിക്കുന്നു.

28. പമ്പ, ശബരിമല എന്നിവിടങ്ങളിലെ പ്രവർത്തനങ്ങൾക്ക് ഫണ്ടിന്റെ അപര്യാപ്തതയില്ലായെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ അത് വിനിയോഗിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. പമ്പ, ശബരിമല വികസനത്തിനായി ബഡ്ജറ്റിൽ നീക്കി വയ്ക്കുന്ന തുക യഥാസമയം കാര്യക്ഷമമായി വിനിയോഗിച്ച് പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുതന്നെ ഭക്തജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

29. ശബരിമലയിൽ വികസനപ്രവർത്തനങ്ങൾ നടത്തണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കോൺക്രീറ്റ് കെട്ടിടങ്ങളുടെ നിർമ്മാണമല്ല എന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. പമ്പയിലും ശബരിമലയിലും അവിടത്തെ പാരിസ്ഥിതിക-ജൈവ ആവാസ വ്യവസ്ഥയ്ക്ക് മുൻതൂക്കം നൽകിവേണം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനെന്നും

ഇതിനായി പരിസ്ഥിതി, റവന്യൂ, വനം-വന്യജീവി എന്നീ വകുപ്പുകളിലെയും ദേവസ്വം ബോർഡിലെയും ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സ്ഥിരം സമിതിയെ നിയോഗിക്കണമെന്നും സമിതിയുടെ പ്രവർത്തനം വർഷംമുഴുവൻ തുടരണമെന്നും പ്രസ്തുത സമിതി പമ്പയിലെയും ശബരിമലയിലെയും മാലിന്യനിക്ഷേപങ്ങൾ, ശുദ്ധജലദൗർലഭ്യം, വനനശീകരണം എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പരിസ്ഥിതി സൗഹാർദ്ദമായ നടപടികൾക്ക് നേതൃത്വം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

30. ശബരിമല സീറോ വേസ്റ്റ് എന്ന പദ്ധതിക്ക് 5 കോടിരൂപ അനുവദിച്ചു വെങ്കിലും ദേവസ്വം ബോർഡ് പ്രൊപ്പോസൽ ഒന്നും നൽകിയിട്ടില്ലെന്നും പ്രസ്തുത തുക ഉപയോഗിക്കുവാനുള്ള അധികാരം ജില്ലാ കളക്ടർക്ക് നൽകാത്തതിനാൽ നാളിതുവരെയായും ഉപയോഗിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. പമ്പയിലും ശബരിമലയിലും മാലിന്യപ്രശ്നം ഇത്രയും രൂക്ഷമായിട്ടും സർക്കാർ അനുവദിച്ച തുക ഉപയോഗിച്ച് മാലിന്യനിർമ്മാർജ്ജനത്തിന് നടപടി സ്വീകരിക്കാത്തത് ബോർഡിന്റെ ഭാഗത്തുള്ള അനാസ്ഥയാണെന്ന് സമിതി കരുതുന്നു. പ്രസ്തുത തുക ഫലപ്രദമായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇത് വിനിയോഗിക്കുന്നതിനുള്ള അധികാരം ജില്ലാ കളക്ടർക്ക് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

31. ശബരിമലയിൽ എത്തുന്ന ലക്ഷണക്കിന് ഭക്തരുടെ സഹകരണത്തോടെ യല്ലാതെ പമ്പയും ശബരിമലയും മാലിന്യമുക്തമാക്കുവാൻ സാധിക്കുകയില്ല എന്ന യാഥാർത്ഥ്യം സമിതി ഉൾക്കൊള്ളുന്നു. വനപ്രദേശമായ പമ്പയും സന്നിധാനവും പുണ്യ സ്ഥലങ്ങളായതിനാൽ ഉപയോഗശൂന്യമായ വസ്തുക്കളും മാലിന്യങ്ങളും ഇവിടെ ഉപേക്ഷിക്കുന്നത് തീർത്ഥാടനത്തിന്റെ ഫലം ഇല്ലാതാക്കും എന്ന പ്രചാരണം ദേവസ്വം ബോർഡും സർക്കാരും കേരളത്തിലും മറ്റ് തെന്നിന്ത്യൻ സംസ്ഥാനങ്ങളിലും പത്ര-ടെലിവിഷൻ മാധ്യമങ്ങളിലൂടെ നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പമ്പയെയും ശബരിമലയെയും മാലിന്യമുക്തമാക്കുന്നതിനുള്ള ഏറ്റവും ഫലവത്തായ മാർഗ്ഗവും ഇത് തന്നെയാണെന്ന് സമിതി കരുതുന്നു. പാപങ്ങൾ മാത്രമേ ശബരിമലയിൽ ഉപേക്ഷിക്കാവൂ എന്നും മറ്റെല്ലാ സാധനങ്ങളും—വസ്ത്രങ്ങൾ, പ്ലാസ്റ്റിക് കുപ്പികൾ തുടങ്ങിയവ—തിരികെ കൊണ്ടുപോകേണ്ടതാണെന്നും ഇതാണ് ശബരിമലയുമായി ബന്ധപ്പെട്ട ആചാരം എന്നും ഉള്ള ബോധം എല്ലാ ഭക്തജനങ്ങളിലും ഉണ്ടാക്കുന്നത് ഇത്തരം പദ്ധതികൾ വിജയിപ്പിക്കുവാൻ സഹായകരമാകുമെന്ന് സമിതി വിശ്വസിക്കുന്നു.

32. വിവിധ വകുപ്പുകളുടെയും സന്നദ്ധസംഘടനകളുടെയും ഭക്തജനങ്ങളുടെയും കൂട്ടായുള്ള പ്രവർത്തനത്തിലൂടെ മാത്രമേ പമ്പയും സന്നിധാനവും വൃത്തിയായി സംരക്ഷിക്കാൻ കഴിയുകയുള്ളൂ എന്ന വസ്തുത സമിതി അംഗീകരിക്കുന്നു. ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചുകൊണ്ട് ബഹു. കേരള ഹൈക്കോടതി ഇക്കാര്യങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ശബരിമലയുടെയും അനുബന്ധപ്രദേശങ്ങളുടെയും വികസന കാര്യങ്ങളിൽ പ്രകടമായ നിരവധി പൊരുത്തക്കേടുകൾ ഇനിയും അവശേഷിക്കുന്നതായി സമിതി വിലയിരുത്തുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡും വിവിധ സർക്കാർ വകുപ്പുകളും സംയുക്തമായി പ്രവർത്തിക്കേണ്ട നിരവധി മേഖലകളുണ്ടെങ്കിലും അവയുടെ ഏകോപനം തൃപ്തികരമല്ലെന്നുള്ള യാഥാർത്ഥ്യം വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ സമിതിക്ക് നൽകിയ മറുപടികളിൽനിന്നും സുവ്യക്തമാണ്. ദശലക്ഷക്കണക്കിനു ഭക്തജനങ്ങൾ

വർഷാവർഷം തീർത്ഥാടനത്തിനായി എത്തിച്ചേരുന്ന ശബരിമലപോലുള്ള ഒരു തീർത്ഥാടന കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ പദ്ധതികൾ ദീർഘവീക്ഷണത്തോടെ ആവിഷ്കരിക്കുകയും സമഗ്രതയോടെ നിർവ്വഹണം നടത്തുകയും ചെയ്യേണ്ടതുണ്ട്. അത്തരമൊരു കർമ്മപദ്ധതിയുമായി രംഗത്തുവരുമ്പോൾ നേരിടേണ്ടിവരുന്ന പ്രത്യക്ഷവും പരോക്ഷവുമായ വിഘാതങ്ങൾ, നിരവധിയായിരിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. വനം-വന്യജീവി സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, ആരോഗ്യപരിപാലനം, മലിനീകരണ നിയന്ത്രണം, ക്രമസമാധാന പരിപാലനം, റവന്യൂ സംബന്ധമായ പ്രശ്നങ്ങൾ, ശുദ്ധജലവിതരണം, ഊർജ്ജ പരിപാലനം സർവ്വോപരി ആചാരവിശ്വാസ പ്രമാണങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ തുടങ്ങി വൈവിദ്ധ്യമാർന്ന പ്രശ്നങ്ങൾ ഓരോന്നും അർഹിക്കുന്ന പരിഗണനയോടെ പരിശോധിച്ച് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ഏകോപിപ്പിക്കുവാൻ സംസ്ഥാന സർക്കാരിനുമാത്രമേ സാധിക്കുകയുള്ളൂ എന്ന വസ്തുത പരിഗണിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡുമായി സഹകരിച്ച് ശബരിമലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടെത്തുന്നതിനുള്ള പദ്ധതിക്ക് രൂപംകൊടുക്കുവാൻ സംസ്ഥാന സർക്കാർ കൂടുതൽ ഊർജ്ജസ്വലതയോടുകൂടി പ്രവർത്തിക്കണമെന്ന് സമിതി ആഹ്വാനം ചെയ്യുന്നു.

സി. പി. മുഹമ്മദ്,

*ചെയർമാൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ജനുവരി 15.